
# ഗുരു ചന്തുപണിക്കർ സ്മാരക
# ഗവ.ഹയർ സെക്കന്ററി സ്കൂൾ, ഇളമ്പച്ചി

ഇളമ്പച്ചി പി.ഒ, കാസർഗോഡ് ജില്ല, 671311

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



# ഉള്ളടക്കം

- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റ നോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
- മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം

പ്രീ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസ്സുകളാണുള്ളത്. തുടർച്ചയായ വർഷങ്ങളിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ 100 ശതമാനം വിജയം നേടാൻ സാധിച്ചിട്ടുണ്ട്. എൽ.എസ്.എസ്, യു.എസ്. എസ്, എൻ.എം.എം.എസ്, ഇൻസ്പെയർ സ്കോളർഷിപ്പ് പരീക്ഷയിലും സമാന സർക്കാർ വിദ്യാലയങ്ങളെ അപേക്ഷിച്ച് വിജയശതമാനത്തിൽ ബഹുദൂരം മുന്നിലാണ്.

സബ് ജില്ലാ-ജില്ലാ-സംസ്ഥാന മേളകളിലും കലോത്സവങ്ങളിലും കായിക ഇനങ്ങളിലും സ്കൂൾ ഇതിനകം നിരവധിതവണ മികവു തെളിയിച്ചിട്ടുണ്ട്.രാഷ്ട്രീയ സാമൂഹിക സാംസ്കാരിക, കായിക രംഗങ്ങളിൽ സാന്നിദ്ധ്യമറിയിച്ച

നിരവധി പേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട് :-

1. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയഅന്തരീക്ഷം സൃഷ്ടിക്കൽ.

2. മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

3.. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റേർസ് എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

4. ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലെയും കുട്ടികൾ നേടുന്നുണ്ട് എന്ന ഉറപ്പാക്കൽ.

5. പാരിസ്ഥിതികാവബോധത്തോടെയുള്ള ജീവിതവും വികസന സങ്കല്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ.

## ➢ പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

- ➢ എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- ➢ അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ പദ്ധതി,ലക്ഷ്യം,പ്രവർത്തനം,എസ്റ്റിമേറ്റ് തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.
- ➢ കരട് രൂപരേഖ SRG, SMC, PTA, MPTA, STAFF COUNCIL എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.
- ➢ ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- ➢ സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

## ➢ മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റ നോട്ടത്തിൽ

* ഭാഷാശേഷി വികസനം

* ഗണിതശേഷി വികസനം

* ഇംഗ്ലീഷ് പഠന പരിപോഷണം

* ശാസ്ത്രപോഷണ പരിപാടി

* വായനാ പരിപോഷണം

* ലൈബ്രറി ശാക്തീകരണം

* ലബോറട്ടറി ആധുനികവത്കരിക്കൽ

* പ്രതിഭാപോഷണ പരിപാടി

* നാടകക്കളരി

* ജൈവ വൈവിധ്യപാർക്ക്

* സാഹിത്യ പോഷണ പരിപാടികൾ

* പഠനയാത്രകൾ

* സെമിനാറുകൾ

* കലാ -കായികമേള

* ഐ. ടി. പരിശീലനം

* അദ്ധ്യാപക ശാക്തീകരണ പരിപാടികൾ

* ക്ലാസ്സ് പി. ടി എ. സജീവമാക്കൽ

* സ്കൂൾ പത്രം\മാസിക

* പ്രവൃത്തി പരിചയപഠനം

* ഒന്നാം ക്ലാസ്സ് ഒന്നാംതരം

* എസ്. ആർ .ജി. ശക്തീകരണം

* ശാസ്ത്രാഭിരുചി വളർത്തൽ

* പച്ചക്കറിത്തോട്ടം

* അഭിമുഖങ്ങൾ

* മെഡിക്കൽ  ക്യാമ്പ്

* പോഷകാഹാര  പരിപാടി

* പാവനാടക  പരിശീലനം\ശില്പശാല

* ഒറിഗാമി   ശില്പശാല

* ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ

*ഭാഷാലാബ്

*ബ്ലോഗ്

*ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ

* ദിനാചരണം

*കായിക പഠനം

*ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

*സ്കൂൾ റേഡിയോ

# ഗുരു ചന്തുപണിക്കർ സ്മാരക ഗവ.ഹയർ സെക്കന്ററി സ്കൂൾ, ഇളമ്പച്ചി

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര്? | : ഗുരു ചന്തുപണിക്കർ സ്മാരക ഗവ.ഹയർ സെക്കന്ററി സ്കൂൾ, ഇളമ്പച്ചി |
| 2. വിലാസം | :ഇളമ്പച്ചി പി.ഒ, കാസറഗോഡ് ജില്ല, PIN 671311 |
| 3. ഫോൺ | : 04672114004 |
| 4. ഇമെയിൽ | : 12036southtrikarpur@gmail.com |
| 5. ബ്ലോഗ് | : https://12036ghsssouthtrikaripur.blogspot.com/ |
| 6. സ്കൂൾ കോഡ് | :1 2036 |
| 7. വിദ്യാഭ്യാസ ഉപജില്ല | : ചെറുവത്തൂർ |
| 8. വിദ്യാഭ്യാസ ജില്ല | : കാഞ്ഞങ്ങാട് |
| 9. റവന്യു ജില്ല | : കാസറഗോഡ് |
| 10. ബി.ആർ.സി | : ചെറുവത്തൂർ |
| 11. സി.ആർ.സി | :ഒളവറ സങ്കേതം |
| 12.ഗ്രാമ പഞ്ചായത്ത്/വാർഡ് നമ്പർ | : തൃക്കരിപ്പൂർ |
| 13.ബ്ലോാക്ക് പഞ്ചായത്ത് | :കാഞ്ഞങ്ങാട് |

| | |
|---|---|
| 14.ജില്ലാ പഞ്ചായത്ത് | :കാസറഗോഡ് |
| 15. നിയമ സഭാ മണ്ഡലം | :തൃക്കരിപ്പൂർ |
| 16. ലോക സഭാ മണ്ഡലം | :കാസറഗോഡ് |
| 17. താലൂക്ക് | :ഹോസ്ദുർഗ് |
| 18. വില്ലേജ് | :സൗത്ത് തൃക്കരിപ്പൂർ |

## 1. ആമുഖം

മലബാർ മേഖലയിലെ ആദ്യകാലത്തെ 48 വിദ്യാലയങ്ങളിൽ ഒന്നാണ്ഈ വിദ്യാലയം അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളിൽ ജില്ലയിലെ വിദ്യാലയങ്ങൾക്കൊരു മികച്ച മാതൃകയാണ്. ഇന്ന് പ്രീപ്രൈമറി മുതൽ പ്ലസ്ടു വരെ ക്ലാസ്സുണ്ട്.

## 2. ലക്ഷ്യങ്ങൾ

1) മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2) അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3) എൽ. കെ.ജി. മുതൽ 10-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കും അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതിമായി

നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.

4) അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## 3. വിദ്യാലയത്തിന്റെ ചരിത്രം

ജന്മിത്വത്തിന്റെയും കോളനീകരണത്തിന്റെയും നാളുകൾക്ക് ശേഷം തൃക്കരിപ്പുരിന്റെ തെക്കൻ ഭാഗങ്ങളിൽ അറിവിന്റെ പൂ വിടർന്നു . ടിപ്പുവിന്റെ പടയോട്ടങ്ങളും പരശുരാമന്റെ കേരള പര്യടന കഥകളും കേട്ടു പുളകം കൊണ്ട തൃക്കരിപ്പൂർ അറിവിന്റെ വെളിച്ചത്തിലേക്ക് നടന്നു നീങ്ങുന്നത് 20 കൾക്ക് ശേഷമാണ് .ആ നാളുകളിൽ തന്നെ തെക്കേ തൃക്കരിപ്പൂരിൽ വിദ്യാഭ്യാസത്തിന്റെ സ്ഫുരണങ്ങൾ കണ്ടു തുടങ്ങിയിരുന്നു. താഴേക്കാട്ടു മനയിൽ നിന്നാണ് ഇത് ഉദയം കൊള്ളൂന്നത് .തൊട്ടോൻ എഴുത്തച്ച്ചൻ ഒളവറയിലും തളിച്ചാലതും എഴുത്തു കൂട്ടങ്ങൾ സ്ഥാപിച്ചു. കുട്ടനച്ച്ചൻ ,മേലോത് അച്ചൻ എന്നിവര് സഹായത്തിനെത്തി.തലിച്ചാലത്തെ എഴുത്തുക്കൂട്ടം 1954 ൽ district session ബോർഡിന്റെ കീഴിൽ ലോവർ പ്രൈമറി സ്കൂളായി മാറി. 1984 ൽ ഹൈസ്കൂളായും 2004 ൽ ഹയർ സെക്കന്ററി ആയും മാറി.പിന്നീട് നിരവധി കഴിവുറ്റ അധ്യാപകരുടെ കാച്ചിക്കുറുക്കിയ നിർണയ രേഖകളിലൂടെ വിവിധ മേഖലകളിൽ കയ്യൊപ്പ് ചാർത്തിയ പൂർവ്വ വിദ്യാർഥികളിലൂടെയും സ്മരണകൾക്കും വർത്തമാനത്തിനും അപ്പുറം ഓജസ്സോടെ തിളങ്ങുന്ന സാംസ്കാരിക കേന്ദ്രമാണ് ഗുരു ചന്തുപണിക്കർ സ്മാരക ജി.എച്ച്.എസ്. എസ്. എളമ്പച്ചി

# അക്കാദമിക മാസ്റ്റർ പ്ലാൻ : മലയാളം

| ക്ര. നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | 8,9 ക്ലാസുകളിലെ ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഭാഷാപരമായ നിലവാരം ഉയർത്തുന്നു . | രാവിലെയും വൈകുന്നേരവും ഉള്ള ക്ലാസുകൾ അവരുടെ അക്ഷരം വാക്കുകൾ ചിഹ്നങ്ങൾ ഇവ ഉറപ്പിക്കുന്നു വാക്യങ്ങൾ വാക്കുകൾ നിർമ്മിക്കാനും ഉതകുന്നു. ചിത്രം- അടിക്കുറിപ്പ്,ചിത്രം- കഥയെഴുതൽ. | 5000/- | ജൂൺ | അധ്യാപകർ |
| 2 | ഗ്രന്ഥശാല ശാക്തീകരണം | ഗ്രന്ഥശാലയ്ക്ക് കൂടുതൽ ഭവന സന്ദർശനത്തിലൂടെ മൂലധനം കണ്ടെത്തൽ. വായനാ കാറ്റലോഗ്, ഇഷ്യൂ രജിസ്റ്റർ ശാസ്ത്രീയമായ വിതരണം | വായനാദിനാചരണം പുസ്തക വണ്ടി പുസ്തകങ്ങളുടെ പ്രദർശനം വിൽപ്പന. | 25000 | ജൂലൈ | വിദ്യാരംഗം, പി.ടി.എ |

| | | | | | | |
|---|---|---|---|---|---|---|
| 3. | നാടക കളരി | നാടക കളരി ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കരണം | 5000 | ആഗസ്റ്റ് | അധ്യാപകർ |
| 4. | പാവനാടക ം | പാഠഭാഗങ്ങൾ പാവ നാടകമായി അവതരിപ്പിക്കുന്നു അതിനുള്ള സാമഗ്രികൾ സംഘടിപ്പിക്കുന്നു. | പാവം നാടകത്തെക്കുറിച്ച് അറിയാനും അവതരിപ്പിക്കുന്നതിനും. | 5000 | സപ്തംബർ | വിദ്യാരംഗം കലാ സാഹിത്യ വേദി |
| 5. | കുട്ടി റേഡിയോ | ഭാഷയുടെ പ്രകടന പരത | ക്ലാസ്സ് മുറി, ലാബ്, ലൈബ്രറി, ഭക്ഷണമുറി എന്നിവിടങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ആധുനിക സാങ്കേതിക വിദ്യയാൽ നിർമ്മിതമായ സ്റ്റുഡിയോവിൽ നിന്ന് റേഡിയോ പരിപാടികളുടേതുപോലെ കുട്ടികളുടെ വിജ്ഞാനപ്രദവും വിനോദപ്രദവുമായ | ------ | സ്റ്റാഫ് കൗൺ സിൽ, ഐ.ടി ക്ലബ്ബ് | ജൂലൈ മുതൽ മാർച്ച് വരെ |

| | | | | | | |
|---|---|---|---|---|---|---|
| | | | വ്യത്യസ്ത പരിപാടികളുടെ പ്രക്ഷേപണം. | | | |
| 6. | കുട്ടി ചാനൽ | ഭാഷ/അഭിനയം/ ആവിഷ്ക്കാരം | വിദ്യാലയത്തിലെ സ്റ്റുഡിയോയിൽ നിന്നും ക്ലാസ്സ് മുറികളിൽ സ്ഥാപിച്ചിരിക്കുന്ന ടി.വി കളിലേക്ക് കുട്ടികൾ, അധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുടെ വിജ്ഞാന/വിനോദ പരിപാടികളുടെ പ്രക്ഷേപണം. | 50000 0 | എല്ലാ ദിവസവും ഒഴിവു സമയങ്ങ ളിൽ | സ്റ്റാഫ് കൗൺ സിൽ,പി.ടി.എ, കൈറ്റ്, ഐ.ടി ക്ലബ്ബ് |
| 7 | ദിനാ ചരണ ം | വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി സംഘ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | വിവിധശേഷികളുടെ വികസനം എസ്ആർജിയിൽ ചർച്ച ചെയ്തശേഷം ക്ലാസ് തരത്തിലോ സ്കൂൾ തലത്തിലോ ദിനാചരണങ്ങൾ നടത്തുന്നു. | | ജൂൺ മുതൽ മാർച്ച് വരെ | വിദ്യാരംഗം കലാസാഹിത്യ വേദി/ ലൈബ്രറി |

| | | | | | | |
|---|---|---|---|---|---|---|
| 8 | രചനാ ശില്പശ ാല | മാതൃഭാ ഷയിലെ വിവിധ ശേഷികളുടെ വികാസം | കഥയരങ്ങ്, കവിയരങ്ങ്, സർഗ്ഗാത്മക രചനാ ശില്പശാല സംഘടിപ്പിക്കൽ.അതിലൂടെ രൂപപ്പെടുന്ന ഉല്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | 5000 | രണ്ടുമാസ ത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹി ത്യ വേദി/ ലൈബ്രറി കൗൺസിൽ |

# അക്കാദമിക മാസ്റ്റർ പ്ലാൻ: സംസ്കൃതം

| ക്രമ. നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1. | ഭാഷണം | ആശയങ്ങളുടെ വാചികപ്രകടനം | ചിത്രങ്ങൾ കഥാചിത്രങ്ങൾ വായനാകാർഡുകൾ, ICT സാധ്യതകൾ എന്നിവയിലൂടെ സംഭാഷണാവസരങ്ങൾ സൃഷ്ടിക്കുക, ടി.വി, റേഡിയോ സംസ്കൃത പരിപാടികൾ,വാർത്ത എന്നിവകേൾക്കാൻ അവസരം. ചോദ്യോത്തരപയറ്റ്, സംഭാഷണ ക്ലാസ്സുകൾ, സംസ്കൃത അസംബ്ലി. | – | നിരന്തര പ്രവർ ത്തനം | അധ്യാപകർ, മുതിർന്ന സംസ്കൃത വിദ്യാർത്ഥികൾ. |
| 2. | വായന | വായന | അക്ഷര, പദ, വാക്യ കാർ | --- | നിരന്തര | അധ്യാപകർ, |

| | | | | | | |
|---|---|---|---|---|---|---|
| | വളർത്തൽ | അക്ഷരങ്ങൾ, തിരിച്ചറിഞ്ഞ് ഉച്ചാരണശുദ്ധിയോടെയുള്ള വായന. | ഡുകൾ വായനക്കായ് നൽകുന്നു.<br>* പാഠഭാഗ വായന<br>*നിലവാരത്തിനനുസരിച്ച് ഓരോ ക്ലാസ്സിലും സംസ്കൃത ലൈബ്രറി പുസ്തക ശേഖരം, വായന<br>*വായിച്ച പുസ്തകത്തിൽ നിന്നും നിശ്ചിത അക്ഷരത്തിലെ പദങ്ങൾ സമാഹരിച്ചുകൊണ്ട് ശബ്ദകോശ നിർമ്മാണം.<br>*വായനയ്ക്കായ് ഒരുമണിക്കൂർ<br>*വായയ്ക്കായ് സമാഹരണം<br>*e വായന (വലിയ font-ൽ അക്ഷരങ്ങൾ ക്രമീകരിച്ചുകൊണ്ട് )<br>*പദകേളികൾ | | പ്രവർത്തനം | സംസ്കൃത കൗൺസിൽ അംഗങ്ങൾ. |
| 3. | നവവാണി | ആശയവിനിമയ ശേഷി നേടൽ | കഥ പറയൽ, സ്വയം പരിചയപ്പെടുത്തൽ, സംസ്കൃതം വാർത്തകൾ കേൾക്കൽ, അവതരണം, നവവാണി സംസകൃതം | | ജൂലൈ മുതൽ ഡിസംബർ വരെ | അധ്യാപകർ, പി.ടി.എ |

| | | | | | | |
|---|---|---|---|---|---|---|
| | | | വെബ് സൈറ്റ് പരിചയപ്പെടുത്തൽ, ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തൽ. | | | |
| 4. | പഠനം ലളിതം രസകരം | പഠനം ലളിതവും രസകരവുമാക്കൽ | സംസ്ക്രത സംഭാഷണ സാമർത്ഥം നേടാനുതകുന്ന രീതിയിൽ ഓരോ ക്രീഡയും സജ്ജമാക്കണം *സംസ്ക്രത പഠനം രസകരമാക്കൽ എന്ന പുസ്തകത്തിലെ ക്രീഡകൾ,പ്രവർ ത്തനങ്ങൾ ഓരോന്നും ക്ലാസ് നിലവാരമനുസരിച്ച് നൽകുക | | എല്ലാമാസത്തേയു ം അവസാന ദിവസം രണ്ട് മണിക്കൂർ | അധ്യാപകർ വിദ്യാലയ സംസ്കൃത ക്ലബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ : അറബിക്

| ക്രമ.ന. | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1. | വായന | കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് | അറബിക് ലൈബ്രറി ശാക്തീകരണം പുതിയ അറബിക് പുസ്തകങ്ങൾ | | ജൂൺ മുതൽ നവംബർ വരെ | ബി.ആർ.സി, ഡയറ്റ്, പൂർവ്വവിദ്യാർത്ഥികൾ |

| | | | | | | |
|---|---|---|---|---|---|---|
| | | കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക നല്ല വായനക്കാരൻ ആക്കുക. | ശേഖരിക്കുന്നു. കഥകൾ കവിതകൾ ചിത്രകഥകൾ വായന കോർണർ സ്ഥാപിക്കുന്നു. | | | |
| 2. | എഴുത്ത് | എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും.കയ്യെഴുത്ത് മികച്ച ആർട്ടിക്കിൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | | സപ്തംബർ മുതൽ നവംബർ വരെ | അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | | |
|---|---|---|---|---|---|---|
| 3. | അറിവിൻ തിളക്കം | അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.ഓരോ മാസവും നിശ്ചിത തീയതിയിൽ ക്വിസ്സിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു ശരി ഉത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ |
| 4. | പ്രതിഭകളെ കണ്ടെത്തൽ | അറബിക് പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു അറബിക് സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | | ആഗസ്റ്റ് മുതൽ സപ്തംബർ | അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| 5. | ദിനാചരണങ്ങൾ | ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| 6. | ആസ്വാദനം | സർഗ്ഗാത്മകത വളർത്തുന്നു. | ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ ആനിമേഷൻ ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | | ജനുവരി | അധ്യാപകർ |
| 7. | അറബിക് ലാംഗേജ് ലാബ് | അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാം | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യമുണ്ടാക്കുന്നു. | | ഡിസംബർ | ബി.ആർ.സി, ഡയറ്റ് |
| 8. | അറബിക് ഫെസ്റ്റ് | അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാം | അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. | | ജനുവരി | ബി.ആർ.സി, ഡയറ്റ് |

| | | | | | | |
|---|---|---|---|---|---|---|
| | | | പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: ഇംഗ്ലീഷ്

| ക്രമ.ന . | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് ക്ലിനിക് | എളുപ്പത്തിലുള്ള ഇംഗ്ലീഷ് പഠനം | ഇംഗ്ലീഷ് ആൽഫബെറ്റ്സ് അറിയാത്ത കുട്ടികൾക്ക് ഐസിടി സഹായത്തോടെ ചെറിയ ചെറിയ വാക്കുകൾ നൽകി ഇംഗ്ലീഷ് അക്ഷരങ്ങൾ സഹായിക്കുന്നു | ------ | ജൂൺ | അധ്യാപകർ, കുട്ടികൾ, പി.ടി.എ |
| 2. | Today's Word Or New Word | വൊക്കാബുലറി വർദ്ധിപ്പിക്കൽ | ഇംഗ്ലീഷ് വൊക്കാബുലറി | | ജൂൺ മുതൽ മാർച്ച് | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | | | |
|---|---|---|---|---|---|---|
| | | | എന്റിച്ച് ചെയ്യാനായി റൊട്ടേഷൻ പ്രകാരം ഓരോ കുട്ടിക്കും ദിവസവും പുതിയ WORD പരിചയപ്പെടുത്താൻ അവസരം ഒരുക്കുന്നു കുട്ടിക്ക് മീനിങ് ആൻഡ് ILLUSRATION എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുന്നു | | | |
| 3. | ENGLISH LIBRARY | ആശയവിനിമയ ം നടത്താൻ പ്രാപ്തരാക്കുക. | ഓരോ ക്ലാസിലും ഇംഗ്ലീഷ് ലൈബ്രറി തയ്യാറാക്കുന്നു. പുസ്തകത്തിന്റെ തയ്യാറാക്കാൻ ചാർജുകൾ നൽകുന്നു | | ജൂൺ മുതൽ മാർച്ച് | അധ്യാപകർ, കുട്ടികൾ, പി.ടി.എ |
| 4. | ICT and English | സാങ്കേതികസാ ധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന്. | സാങ്കേതികസാധ്യ തകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തു | | ജൂൺ മുതൽ മാർച്ച് | അധ്യാപകർ. |

| | | | | | | |
|---|---|---|---|---|---|---|
| | | | ന്നു. പ്രഗൽഭരായ എഴുത്തുകാർ വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരും ആയുള്ള അഭിമുഖവും വീഡിയോ കോൺഫറൻസും നടത്തുന്നു. | | | |
| 5. | DIGITAL LIBRARY | E learning. | ചിത്രങ്ങൾ, പഠന സാമഗ്രികൾ, മറ്റ് വായന സാമഗ്രികൾ എന്നിവ ഐ.സി.ടി സഹായത്തോടെ പ്രയോജനപ്പെടുത്തുന്നു. | | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ, കുട്ടികൾ, ഇംഗ്ലീഷ് ക്ലബ്ബ്. |
| 6. | QUIZ MONTHLY PROGRAMME | പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | പത്രവായന പ്രോത്സാഹിപ്പിക്കൽ, ക്വിസ് മത്സരം | | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| 7. | പത്രവായന | ഇംഗ്ലീഷ് ഭാഷയോടുള്ള അഭിരുചി വളർത്തൽ. | ക്ലാസ് ഗ്രൂപ്പിൽ നൽകിയ ന്യൂസ് പേപ്പർ ന്യൂസ് ഹെഡ് ലൈൻ തയ്യാറാക്കി | | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ, കുട്ടികൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | ഗ്രൂപ്പിൽ ഓഡിയോ അയക്കുന്നു | | | |
| 8. | ഇംഗ്ലീഷ് ഫെസ്റ്റ് | സർഗ്ഗാത്മകമയ കഴിവുകൾക്ക് ഇംഗ്ലീഷ് ഭാഷയിലൂടെയുള്ള ആവിഷ്ക്കാരം. | വിവിധ പരിപാടികൾ നടത്തുന്നു. | | ഒക്ടോബർ | അധ്യാപകർ |
| 9. | സ്പോക്കൺ ഇംഗ്ലീഷ് | ആശയ വിനിമയം | പ്രത്യേക മോഡ്യൂൾ പ്രകാരം സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് വിദഗ്ധർ ചെയ്യുന്നു | | ആഗസ്റ്റ് മുതൽ മാർച്ച് വരെ | അധ്യാപകർ, പി.ടി.എ |
| 10. | ഇംഗ്ലീഷ് അസംബ്ലി | പ്രകടന നൈപുണി വളർത്തൽ. | ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുന്നു | | ജൂൺ മുതൽ മാർച്ച് വരെ | കുട്ടികൾ, അധ്യാപകർ |
| 11. | ഡ്രാമ ഫെസ്റ്റ് | അഭിനയ ശേഷി | ഇംഗ്ലീഷ് അസംബ്ലി സ്കിറ്റ് PUPPET SHOW, പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി ഷോ | | ഡിസംബർ | അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | | | സ്കിറ്റ് കഥാപ്രസംഗം എന്നിവ അവതരിപ്പിക്കാനുള്ള അവസരം | | | |
| 12. | INTERACTING WITH NATIVE SPEAKER | നേറ്റീവ് സ്പീക്കറുമായി സംവദിക്കൽ | വിദേശ പൗരന്മാരുമായി ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയം. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: ഹിന്ദി

| ക്രമ .ന. | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1. | സാക്ഷരം | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരമെഴുത്ത്, ചിഹ്നമുറപ്പിക്കൽ,അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ് ക്ലാസിൽ അക്ഷരമാല | | ജൂൺ മുതൽ ആഗസ്റ്റ് | ബി.ആർ.സി, ഡയറ്റ്, എസ്.സി.ആർ.ടി, റിസോഴ്സ് ടീച്ചർ |

| | | | | | | |
|---|---|---|---|---|---|---|
| | | | പ്രദർശനം ഓൺലൈൻ അക്ഷരമാല കളികൾ വാക്കുകൾ എഴുതിയ കാർഡുകൾ വാക്കുകൾ നിർമാണം എച്ച് എസ് വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ പ്രീ ടെസ്റ്റ് നടത്തി മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം | | | |
| 2. | വീട് ഒരു പരീക്ഷണശാല | കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. ഐ.സി.ടി സഹായത്തോടെ വസ്തുക്കളും | | സപ്തംബർ, ഒക്ടോബർ | പി.ടി.എ, ബി.ആർ.സി , റിസോഴ്സ് അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | | | വാക്കുകളും പരിശീലിക്കാനുള്ള അവസരം. CWSN കുട്ടികളുടെ പങ്കാളിത്തം | | | |
| 3. | സുരീലി ഹിന്ദി | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ ക്ലാസ് ലൈബ്രറി അധിക വായന സാമഗ്രികൾ ഇത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ ചിത്രം അടിക്കുറിപ്പ് കഥപറയൽ കഥയെഴുതൽ വായനാമൂല ഹിന്ദി ക്ലബ്ബ് | | നവംബർ മുതൽ ഫിബ്രവരി വരെ | പി.ടി.എ, ബി.ആർ.സി , റിസോഴ്സ് അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ: സാമൂഹ്യശാസ്ത്രം

| ക്രമ. ന. | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1. | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം / മാപ്പിങ്ങ് | സാമൂഹ്യ ശാസ്ത്ര അവബോധം സുസ്ഥിര വികസനം എന്ന ആശയം വളർത്തിയെടുക്കുക | സാമൂഹ്യ ശാസ്ത്രലാബ് സജ്ജീകരണം അറ്റ്ലസ് മാപ്പ് ചാർട്ടുകൾ മോഡലുകൾ തുടങ്ങിയവ ഫലപ്രദമായി ഉപയോഗിക്കുക | 500 | ജൂൺ | അധ്യാപകർ |
| 2. | സ്കൂൾ പാർലമെന്റ് | നേതൃത്വശേഷി ജനാധിപത്യ മൂല്യം സ്വാതന്ത്ര്യം സമത്വം ഇവ സംരക്ഷിക്കാനുള്ള മനോഭാവം വളർത്തുക | മോഡൽ സെൻസസ് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് യുദ്ധാവിരുദ്ധ പോസ്റ്റർ സ്വാതന്ത്ര ദിന ക്വിസ് കൊളാഷ് | 200 | ജൂലൈ, ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, അധ്യാപകർ |
| 3. | സാമൂഹ്യം പഠന ക്യാമ്പ് | മാതാപിതാക്കൾ ഗുരുക്കൻമാർ | മുൻ അധ്യാപകര മുതിർന്ന | 200 | സെപ്റ്റംബർ | അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | | മുതിർന്നവർ തുടങ്ങിയവരെ ബഹുമാനിക്കാനസഹായിക്കാനുമുള്ള മനോഭാവം. | പൗരൻമാർ എന്നിവരെ ആദരിക്കൽ. | | | |
| 4. | സ്വാതന്ത്ര്യസമര ചരിത്രത്തെ പറ്റി അവബോധം ഉണ്ടാക്കുക. | ദേശീയ പ്രസ്ഥാനത്തിൽ ഗാന്ധിജിയുടെ പങ്ക്,ഗാന്ധിയൻ ആശയങ്ങളെ കുറിച്ച് ധാരണ,സ്നേഹം സാമൂഹ്യ സേവനം തുടങ്ങിയ വികാരങ്ങൾ വളർത്തിയെടുക്കുക ,ചരിത്രബ ോധം വളർത്തുക. | ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന വിവിധ സമരങ്ങളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി ചാർട്ട് പ്രദർശനം അഗതി മന്ദിരം സന്ദർശനം ഫീൽഡ് ട്രിപ്പ് , UNO സെമിനാർ. | 3000 | ഒക്ടോബർ | പി.ടി.എ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, അധ്യാപകർ |
| 5. | കേരള ചരിത്രത്തെക്കുറിച്ച് അറിവ് ഉണ്ടാക്കുക | ദേശീയ ബോധം ചരിത്രബോധം തുടങ്ങിയ വളർത്തുക. | പ്രാദേശിക ചിത്രരചന കേരളപ്പിറവി സംബന്ധിച്ച പതിപ്പ് | 1000 | നവംബർ, ഡിസംബർ | പി.ടി.എ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | | | തയ്യാറാക്കുക. | | | |
| 6. | മനുഷ്യാവകാശ ദിനം | മനുഷ്യാവകാശങ്ങളെക്കുറിച്ച്അവബോധം ബോധം വളർത്തുക. | ലോകത്ത് നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ച് വാർത്താ ശേഖരണം ചുമർ പത്രിക തയ്യാറാക്കൽ. | 500 | ഡിസംബർ | അധ്യാപകർ |
| 7. | ഇന്ത്യ ഭരണഘടനയെ പറ്റി അവബോധം ഉണ്ടാക്കുക | ഇന്ത്യൻ ഭരണഘടനയെ കുറിച്ച് അറിവ് നേടുന്.ജനാധിപത്യ സാമൂഹ സൃഷ്ടിക്കല്ലനുകൂലമായ മനോഭാവം വളർത്തിയെടുക്കുക. | ക്വിസ് മത്സരം, ഭൂഷണങ്ങൾ സൂചിപ്പിക്കുന്ന വാർത്തകൾ ചിത്രങ്ങൾപ്രദർശനം | 500 | ജനുവരി | പി.ടി.എ, അധ്യാപകർ |
| 8. | ഉപഭോക്തൃ സംരക്ഷണ നിയമം | ഉപഭോക്താവിന്റെഅവകാശങ്ങൾ ഉപഭോക്തൃ വിദ്യാഭ്യാസം ഉപഭോക്ത കോടതി | തണ്ണീർത്തട സംരക്ഷണം പവർ പോയിൻറ് പ്രദർശനം വക്കീലുമായി അഭിമുഖം | 500 | ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, അധ്യാപകർ, പി,ടി.എ |

| | | | | | | |
|---|---|---|---|---|---|---|
| | | എന്നിവയെ കുറിച്ച് ധാരണ നേടുക. | | | | |
| 9. | സാമൂഹിക ബോധവത്ക്കരണം | ആധുനികവൽക്കരണത്തിൽ സാമൂഹ്യ പരിഷ്കർത്താക്കൾക്കുള്ള പങ്ക് തിരിച്ചറിയുക, കുട്ടികളിൽ മിതവ്യയ ശീല ാ വളർത്തിയെടുക്കുക, ലക്ഷ്യബോധം പഠന താല്പര്യം വളർത്തുക. | ഇന്ത്യൻ നവോത്ഥാന നായകരുടെ ചിത്രശേഖരണം വ്യക്തിഗത ബജറ്റ് കുടുംബ ബജറ്റ് തയ്യാറാക്കുക സമകാലീന സംഭവങ്ങൾ ബുള്ളറ്റ് പ്രദർശിപ്പിക്കുക ബോധവൽക്കരണം | 200 | ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, അധ്യാപകർ, കുട്ടികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ: സയൻസ്

| ക്രമ. ന. | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1. | സയൻസ് കോർണർ – Quara | ആനുകാലിക ശാസ്ത്ര വിഷയങ്ങൾ പരിചയപ്പെടൽ | ഓരോ ആഴ്ചയിലും ശാസ്ത്ര വിഷയങ്ങളിൽ നടക്കുന്ന പുതിയ കാര്യങ്ങൾ സയൻസ് കോർണറിൽ രേഖപ്പെടുത്തുകയും അതിനെ ആധാരമാക്കി മാസത്തിൽ ക്വിസ് കോമ്പറ്റിഷൻ നടത്തുകയും ചെയ്യുന്നു. | 5000 | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് ക്ലബ് അധ്യാപകർ, കുട്ടികൾ |
| 2. | ശാസ്ത്ര പരീക്ഷണങ്ങളിലെ കാൽവയ്പ് | ശാസ്ത്ര പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് വഴി കുട്ടികളിൽ യുക്തി ചിന്ത | തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ വെള്ളിയാഴ്ചകളിൽ സ്വന്തം പരീക്ഷണങ്ങൾ മറ്റു കുട്ടികൾക്കായി | 5000 | ആഗസ്റ്റ്, ഡിസംബർ | പി.ടി.എ, അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തി എടുക്കുന്നതോടൊപ്പം ഇൻസ്പെയർ പോലുള്ള അവാർഡിനുള്ള സാധ്യതകൾ വർധിപ്പിക്കൽ. | പ്രദർശിപ്പിക്കുന്നു. പരീക്ഷണങ്ങളിലെ അടിസ്ഥാന നിയമങ്ങൾ വിശദീകരിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നു. | | | |
| 3. | സയൻസ് ടാലന്റ് ലാബ് | ശാസ്ത്ര മനോഭാവം വളർത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യുകയും ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കുകയും അവ ക്ലാസ് മുറികളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | 5000 | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ,പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ |
| 4. | ശാസ്ത്ര കൗതുകം | ആനുകാലിക ശാസ്ത്ര വിസ്മയങ്ങൾ പരിചയപ്പെടൽ | ശാസ്ത്ര വിഷയങ്ങളിലെ അത്ഭുതം ജനിപ്പിക്കുന്ന ആനുകാലിക സംഭവങ്ങളെക്കുറിച്ചു ം ശാസ്ത്രജ്ഞരുടെ | | നവംബർ, ഡിസംബർ | അധ്യാപകർ, കുട്ടികൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | വിസ്മയിപ്പിക്കുന്ന ജീവിത സംഭവങ്ങളെക്കുറിച്ചുള്ള ലഘു വിവരണം എല്ലാ ബുധനാഴ്ചയും കുട്ടി റേഡിയോ വഴി പ്രക്ഷേപണം ചെയ്യുന്നു | | | |
| 5. | ഔഷധത്തോട്ട നിർമ്മാണം– പൂന്തോട്ട നിർമ്മാണം | ഔഷധസസ്യങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കൽ. ജൈവ വൈവിധ്യ സംരക്ഷണം | ഔഷധസസ്യങ്ങൾ ശേഖരിക്കൽ സംരക്ഷിക്കൽ ശാസ്ത്രീയ നാമം കണ്ടെത്തൽ ഔഷധഗുണങ്ങൾ കണ്ടെത്തൽ നാട്ടറിവുകൾ പ്രയോജനപ്പെടുത്തൽ പൂന്തോട്ട നിർമ്മാണം, വീഡിയോ പ്രദർശനം | 10000 | ജൂൺ മുതൽ മാർച്ച് വരെ | ഹരിത ക്ലബ്ബ്, അധ്യാപകർ, പി.ടി.എ |
| 6. | പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് | പരിസ്ഥിതി സംരക്ഷണത്തിനുള്ള അനുകൂല മനോഭാവം | ക്യാമ്പസിനുള്ളിൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കയറ്റുന്നത് തടയുക | | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ, പി.ടി.എ |

| | | | | | | |
|---|---|---|---|---|---|---|
| | | ത്രപപ്പെടുത്തൽ | പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുക. | | | |
| 7. | പച്ചക്കറി തോട്ട നിർമ്മാണം | കൃഷിയോട് അനുകൂല മനോഭാവം ഉണ്ടാക്കുന്നു കൃഷിയിൽ താല്പര്യം വളർത്തുന്നു. | പച്ചക്കറി വിത്തുകൾ ശേഖരിക്കുന്നു വളപ്രയോഗം ജൈവ കീടനേന്ത്രണം എന്നിവയെ കുറിച്ച് വിവരശേഖരണം നടത്തുന്നു ആധുനിക കൃഷി രീതികൾ പരിചയപ്പെടുന്നു. | | ആഗസ്റ്റ്, മാർച്ച് വരെ | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ, പി.ടി.എ, എം.പി.ടി.എ, എസ്.എം.സി |
| | രക്ത പരിശോധനാ ക്യാമ്പ് | കുട്ടികളിൽ ആരോഗ്യകരമാ യ ഭക്ഷണ ശീലങ്ങൾ വളർത്തുക. | രക്തത്തിലെ ഹീമോഗ്ലോബിൻ കുറവുള്ള കുട്ടികളെ കണ്ടെത്തുന്നു അവരിൽ ആവശ്യമായ ഭക്ഷണക്രമീകരണ ങ്ങൾ നിർദ്ദേശിക്കുന്നു. | 5000 | ഒക്ടോബർ, നവംബർ | വിവിധ ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ: കണക്ക്

ഗണിതാശയങ്ങൾ കുട്ടികൾ ഉറപ്പിക്കുന്നതിന് ഗണിത ചിന്തകൾ വളർത്തിയെടുക്കുന്നതിനും അടിസ്ഥാന ശേഷി നേടിയെടുക്കുന്നതിനും സ്കൂൾ കഴിഞ്ഞാൽ ഉള്ള ഗണിത സന്ദർഭങ്ങളെ പരിചയപ്പെടുത്തുന്നതിനും ആയി നാല് പ്രൊജക്ടുകൾ നിർദ്ദേശിച്ചിരിക്കുന്നു ജൂൺ മാസത്തിലെ ആദ്യ ആഴ്ച തന്നെ മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് നടത്തുന്ന മൂല്യനിർണയത്തിലൂടെ താഴെ പറയുന്ന ഗ്രൂപ്പുകളായി തരംതിരിക്കുന്നു.

ഗ്രൂപ്പ് 1 :ഗണിതത്തിൽ അടിസ്ഥാന ക്രിയാശേഷി നേടിയിട്ടില്ലാത്തവർ.

ഗ്രൂപ്പ് 2 :അടിസ്ഥാനശേഷി നേടിയിട്ടും ഗണിതാശയം ഉപയോഗിച്ച് പ്രശ്നനിർധാരണം ചെയ്യുന്നതിൽ പ്രാവിണ്യം ഇല്ലാത്തവർ.

ഗ്രൂപ്പ് 3 :ഗണിത ആശയ ധാരണയുള്ളവർ, ഗണിതത്തിൽ മികച്ച നിലവാരമുള്ളവർ.

| ക്രമ. ന. | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1. | ഗണിത ക്ലിനിക്ക് | ഗണിതത്തിൽ അടിസ്ഥാന ശേഷി കൈവരിക്കൽ. | ഗ്രൂപ്പ് 1 കുട്ടികൾക്കായി അടിസ്ഥാന ക്രിയകളിൽ പ്രാവീണ്യമുണ്ടാക്കുന്നു. നാട്ടിലെ ഗണിത വിദ്യാർഥികൾ പിരിഞ്ഞ ഗണിത അധ്യാപകർ | | ജൂൺ ,ജൂലൈ | ഗണിതശാസ്ത്ര കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | ഇവരെ ഉൾപ്പെടുത്തി ഗണിത ബോധനം, 8,9 ക്ലാസിലെ ഗ്രൂപ്പ് 1 | | | |
| 2. | ഖഹരം | ഗണിതാശയം ഉറപ്പിക്കൽ | ഗണിത രൂപങ്ങളുടെ നിർമ്മാണ മത്സരം. സ്കൂൾ കോമ്പൗണ്ടിൽ വിവിധ സ്ഥലങ്ങളെ അകന്നു തിട്ടപ്പെടുത്തൽ, 8,9,10 ക്ലാസിലെ ഗ്രൂപ്പ്.2 കുട്ടികൾ.ഗണിത ക്വിസ് എന്നീ പ്രവർത്തനങ്ങളിലൂ ടെ ആശയങ്ങൾ ഉറപ്പിക്കൽ | | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഗണിതശാസ്ത്ര ക്ലബ്ബ് |
| 3. | വൈഖരി | ഗണിത ചിന്ത വളർത്തിയെടു ക്കുന്ന തിനും അവ ആഴത്തിൽ മനസ്സിലാക്കുന്ന തിനും | ഗ്രൂപ്പ് മൂന്ന് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ദിവസവും ക്ലാസ് പാഠഭാഗവുമായി ബന്ധപ്പെട്ട ഉയർന്ന നിലവാര ചോദ്യങ്ങളെ | | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഗണിതശാസ്ത്ര ക്ലബ്ബ് |

| | | | | | | |
|---|---|---|---|---|---|---|
| | | | പരിചയപ്പെടുത്തൽ, ഗണിത പ്രൊജക്ട്കുകൾ തയ്യാറാക്കൽ, ഗണിതശാസ്ത്ര മേളയ്ക്കുള്ള തയ്യാറെടുപ്പുകൾ, വിദഗ്ധ ക്ലാസുകൾ, 8,9,10 ക്ലാസിലെ ഗ്രൂപ്പ്–3 വിഭാഗം | | | |
| 4. | രാമാനുജൻ കോർണർ | മത്സര പരീക്ഷകളിലെ ഗണിതം | എല്ലാദിവസവും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയുള്ള സമയത്ത് വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കായി ഗണിത പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. വിദഗ്ധരുടെ ക്ലാസുകൾ നൽകുന്നു, 9,10 ക്ലാസുകളിലെ ഗ്രൂപ്പ് | | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഗണിതശാസ്ത്ര ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ: ആരോഗ്യം, കലാ-കായികം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികാസത്തിന് കായികാഭ്യാസവും, യോഗാചര്യകളും ചെയ്യുന്നതിന് പാഠ്യ പദ്ധതി അവസരമൊരുക്കുന്നു. കായിക ക്ഷമതക്കു പുറമേ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ ,ശാരീരിക വളർച്ച ,കൗമാര പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച അവബോധവും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണ് അതോടൊപ്പം താൽപര്യമുള്ള കായിക മേഖലകൾ തെരഞ്ഞെടുത്ത് അവയിൽ മികവുകൾ നേടുന്നതിന് അവരെ തയ്യാറാക്കുന്നതിന് കായിക വിദ്യാഭ്യാസത്തിലൂടെ സാധിക്കുന്നു.

| ക്രമ. നം. | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1. | എയ്റോബിക്സ്, യോഗാ പരിശീലനം | കുട്ടികളിൽ ഏകാഗ്രത വർദ്ധിപ്പിക്കുക. | രക്ഷാകർതൃ ബോധവൽക്കരണം, വിദ്യാർത്ഥിബോധവൽക്കരണം ക്ലാസ്സ് പിടിഎ യിൽ. | | ജൂലൈ | ക്ലാസ്സ് ടീച്ചർ കായികാധ്യാപകന് |
| 2. | പെൺ കുട്ടികൾക്ക് സ്വയം പ്രതിരോധ | പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ മനോഭാവം. | ഒഴിവ് ദിവസങ്ങളില് കരാട്ടെ, തൈക്കോണ്ടോ പരിശീലനം. | 5000 | 1 വർഷം | പിടിഎ,കായികാധ്യാപകൻ |

| | | | | | | |
|---|---|---|---|---|---|---|
| | പരിശീലനം. | വളർത്തുക, | | | | |
| | സമ്പൂർണ കായിക ക്ഷമത പരിശീലന പദ്ധതി | കായിക പഠനത്തിന് താൽപര്യമുള്ള കുട്ടികളെ കണ്ടെത്താൻ | പഠനസമയത്തിനപ്പുറം സമ്പൂർണ്ണമായ കായിക പരിശീലനം | 20000 | | വികസന സമിതി,sports council |